സെപ്തംബർ 30, 2006

**ഒക്ടോബർ 3, 2006 മുതൽ ദി യുണൈറ്റഡ് വെസ്റ്റേൺ ബാങ്ക് ലിമിറ്റഡ് ശാഖകൾ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖകളായി പ്രവർത്തിക്കും.**

ഭാരത സർക്കാർ ഇന്ന് ദി യുണൈറ്റഡ് വെസ്റ്റേൺ ബാങ്ക് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ ലിമിറ്റഡുമായി ലയിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നൽകിയിരിക്കുന്നു. ലയനം 2006, ഒക്ടോബർ 3, 2006 മുതൽ പ്രാവർത്തികമാക്കും. ദി യുണൈറ്റഡ് വെസ്റ്റേൺ ബാങ്ക് ലിമിറ്റഡിന്റെ എല്ലാ ശാഖകളും ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ ശാഖകളായി പ്രവർത്തിക്കും.

ദി യുണൈറ്റഡ് വെസ്റ്റേൺ ബാങ്ക് ലിമിറ്റഡിന്റെ നിക്ഷേപകരടക്കമുള്ള ഉപഭോക്താക്കൾക്ക് തങ്ങളുടെ അക്കൗണ്ടുകൾ ഒക്ടോബർ 3, 2006 മുതൽ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉപഭോക്താക്കളായി പ്രവർത്തിപ്പിക്കാം . ദി യുണൈറ്റഡ് വെസ്റ്റേൺ ബാങ്ക് ലിമിറ്റഡിന്റെ ഉപഭോക്താക്കൾക്ക് സാധാരണ രീതിയിൽ സേവന ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങളെല്ലാം ഇൻഡസ്ട്രിയൽ ഡവല്പ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ ലിമിറ്റഡ് ചെയ്യുന്നതാണ്.

ലയന പദ്ധതി പ്രകാരം , ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ അപ് ഫ്രണ്ട് പേമെന്റ് ആയി നിർദ്ദിഷ്ട തീയതി , യുണൈറ്റഡ് ബാങ്കിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട അംഗങ്ങൾക്ക് ഓഹരികളുടെ മേലുള്ള പലിശയിനത്തിലുള്ള ഭാഗിക പേമെന്റായി ഓരോ പൂർണ്ണമായി അടച്ച ഓഹരിയ്ക്കും 28 രൂപ വച്ച് നൽകുന്നതാണ്. ഇതു കൂടാതെ , പദ്ധതിയുടെ വകുപ്പുകൾ പ്രകാരം യുണൈറ്റഡ് വെസ്റ്റേൺ ബാങ്കിന്റെ ആസ്തികൾ വസൂലാക്കി എല്ലാ ബാധ്യതകളും തീർത്ത് കഴിഞ്ഞ് മിച്ചം വരുന്ന പണം ഓഹരി കൈവശക്കാർക്ക് നിശ്ചിത സമയത്തിന് ശേഷം ആനുപാതിക പേയ്മെന്റായി നൽകുന്നതാണ്.

ജി. രഘുരാജ്

ഡെപ്യൂട്ടി ജനറൽ മാനേജർ

പത്രപ്രസ്താവന 2006 - 2007 / 462